തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) ഉണ്ട്.

(ബി) അറവുശാല ആരംഭിക്കേണ്ടത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഇതിനു വേണ്ടിവരുന്ന ചെലവ് പഞ്ചായത്തിന്റെ പ്ലാൻ ഗ്രാന്റിൽ നിന്നോ സ്വന്തം ഫണ്ടിൽ നിന്നോ വഹിക്കാവുന്നതാണ്. അതിനു വേണ്ടിവരുന്ന സാങ്കേതിക സഹായം മൃഗസംരക്ഷണ വകുപ്പ് നൽകുന്നതാണ്.

(സി) 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പൊതുകശാപ്പുശാലയിലോ ലൈസൻസുള്ള കശാപ്പുശാലയിലോ വച്ചല്ലാതെയും ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെയും മൃഗങ്ങളെ കശാപ്പു ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട്. ഇതു നടപ്പാക്കുന്നതിന് കാലാകാലങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പൊതുശ്മശാനം നിർമ്മിക്കാൻ നടപടി

16 [*147] ശ്രീ. പി. ജെ. ജോയി:
,, ഇ. എം. അഗസ്തി:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുശ്മശാനമില്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും സംസ്ഥാനത്തുണ്ട് ;

(ബി) ഇവയിൽ പൊതു ശ്മശാനം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ പദ്ധതി പ്രകാരം ഗവൺമെന്റ് എന്തുതുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റായി നൽകും ;

(ഡി) ബാക്കി തുക കണ്ടെത്താൻ ബുദ്ധിമുട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആ തുക ഗ്രാന്റായോ പലിശയില്ലാ വായ്പയായോ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) 501 ഗ്രാമപഞ്ചായത്തുകളിലും 10 നഗരസഭകളിലും പൊതുശ്മശാനം ഇല്ല.

(ബി) ഉണ്ട്.

(സി) ഗ്രാമപഞ്ചായത്തുകൾക്ക് മാത്രം 1,00,000 (ഒരു ലക്ഷം രൂപ) രൂപ വീതം നൽകും.

(ഡി) ബാക്കി തുക കണ്ടെത്താൻ ഗ്രാന്റ് നൽകാൻ കഴിയില്ല. KUDFC-ൽ നിന്ന് പലിശയുള്ള വായ്പയായി തുക നൽകാൻ നടപടിയെടുക്കാൻ ശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly